ബേക്കൽ പദ്ധതി

63. [1845] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ ടൂറിസം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതിക്ക് പണം കണ്ടെത്തുന്നതിനായി ഒരു കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി&സി) ബേക്കൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സംയുക്ത സംരംഭ കമ്പനി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന് നാമകരണം ചെയ്യപ്പെട്ട പ്രസ്തുത കമ്പനിയുടെ കോർപ്പറേറ്റ് ഓഫീസ് തിരുവനന്തപുരത്തും, പദ്ധതി ഓഫീസ് ബേക്കലിലുമാണ് പ്രവർത്തനം നടത്തുക. പദ്ധതി പ്രദേശത്ത്, പദ്ധതിക്കാവശ്യമായ 826.56 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനം

64. [1846] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊൻമുടി ഗസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണി നടത്തിയിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊൻമുടി ഗസ്റ്റ് ഹൗസിന്റെയും ടൂറിസ്റ്റ് കേന്ദ്രത്തിന്റെയും വികസനത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊൻമുടി ടൂറിസ്റ്റ് കോംപ്ലക്സിന്റെ പുനരുദ്ധാരണത്തിനായി 19.27 ലക്ഷം രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതിക്കും പരിസരം മനോഹരമാക്കുന്നതിന്റെ ഭാഗമായി 3.66 ലക്ഷം രൂപ മതിപ്പു ചെലവിൽ ചിൽഡ്രൻസ് പാർക്ക് രൂപീകരിക്കാനും ടൂറിസം ഡയറക്ടർ ഭരണാനുമതിനൽകിയിട്ടുണ്ട്. 10ലക്ഷം രൂപ മതിപ്പുചെലവിൽപൊൻമുടിയിൽ പൊതുസ്ഥലങ്ങളിലും പൂന്തോട്ടത്തിലും മനോഹരമായ വൈദ്യുത ദീപങ്ങൾ ഒരുക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊൻമുടിയിലേക്കുള്ള റോഡിൽ സൈൻബോർഡുകൾ സ്ഥാപിച്ചു കഴിഞ്ഞു.

അരുവിക്കരയിൽ കുട്ടികളുടെ പാർക്ക്

65. [1847] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly